# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 304 | 30/11/2015 ൽ മറുപടിക്ക് |
|---|---|

## ബാർ കോഴ കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.കെ.അജിത്<br>ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നയിക്കപ്പെട്ട ബാർ കോഴ കേസ്സിൽ ഉൾപ്പെട്ടിട്ടുള്ളവർ എത്ര പേർ; അവർ ആരെല്ലാം; | (എ) | പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ മുൻ ധനകാര്യമന്ത്രി ശ്രീ.കെ.എം.മാണിയ്ക്കെതിരെ ഒരു വിജിലൻസ് കേസ് നിലവിലുണ്ട് (വി.സി.06/2014/എസ്.ഐ.യു I) |
| (ബി) | ഇതിൽ ആരുടെയെല്ലാം പേരിൽ വിജിലൻസ് ദ്രുതപരിശോധനയിലൂടെ പ്രാഥമികാന്വേഷണം നടത്തി; ആരുടെയെല്ലാം പേരിൽ പ്രാഥമികാന്വേഷണം മാത്രം നടത്തി; | (ബി) | ബാർകോഴ ആരോപണം സംബന്ധിച്ച് എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിനെതിരെ പ്രാഥമികാന്വേഷണം നടത്തിയിരുന്നു. എന്നാൽ മുൻ ധനകാര്യ മന്ത്രി ശ്രീ.കെ.എം.മാണിയ്ക്കെതിരെ നടത്തിയ സത്വരാന്വേഷണത്തിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് കേസ് (വി.സി 06/2014/എസ്.ഐ.യു I) നിലവിലുള്ളത്. സത്വരാന്വേഷണത്തിലും പ്രാഥമിക അന്വേഷണത്തിലും അന്വേഷണ രീതി ഒന്നു തന്നെയാണ്. പേരിന്റെ വ്യത്യാസം മാത്രമേയുള്ളൂ. |
| (സി) | ദ്രുത പരിശോധനാ റിപ്പോർട്ടിന്മേലും, പ്രാഥമികാന്വേഷണ റിപ്പോർട്ടിന്മേലും നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമോപദേശം തേടിയിട്ടുള്ളതും അല്ലാത്തതുമായ റിപ്പോർട്ടുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) യും (ഡി) യും | മുൻ ധനകാര്യമന്ത്രി ശ്രീ.കെ.എം.മാണിയ്ക്കെതിരെ നടത്തിയ സത്വരാന്വേഷണത്തിൽ (ക്യു.വി. 14/2014/എസ്.ആർ.റ്റി.) അന്വേഷണ ഉദ്യോഗസ്ഥൻ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിനായി ശുപാർശ ചെയ്തിരുന്നതിനാൽ നിയമോപദേശം തേടിയിരുന്നു. ഇതിൻ പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും മതിയായ തെളിവില്ലാത്തതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ അനന്തര നടപടികൾ അവസാനിപ്പിക്കാനായുള്ള അന്തിമ റിപ്പോർട്ട് സമർപ്പിക്കയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതി അംഗീകരിക്കാതെ തുടരന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു. ശ്രീ.കെ.ബാബുവിനെതിരെ ബാർ കോഴ ആരോപണം സംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്തിയതിൽ തെളിവില്ലാത്തതിനാൽ മേൽ നടപടികൾ സ്വീകരിക്കേണ്ട ആവശ്യമില്ല എന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ നിയമോപദേശം എടുത്തിരുന്നില്ല. അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശരി വച്ചു. |
| (ഡി) | നിയമോപദേശം തേടിയ റിപ്പോർട്ടുകളിന്മേലും അല്ലാത്തവയിലും വിജിലൻസ് സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം; എത്ര കേസുകൾ അവസാനിപ്പിച്ചു; അവ ഏതെല്ലാം? | | |

സെക്ഷൻ ഓഫീസർ